LIBRARY ARCHIVES Kerala Legislative Assembly

ശക്തമായ വാഹന പരിശോധന നടത്തി ഇത്തരം പ്രവണത അവസാനിപ്പിക്കാനും, അപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന് പുറമേ, പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ സഹായത്തോടെ ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തി ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. നാലുനിര റോഡുകളിൽ ഇടതുവശം ചേർന്ന് വാഹനം ഓടിക്കുന്നതിനായി യാത്രക്കാർക്ക് അവബോധം നൽകുവാനും ഇടതുവശത്തുകൂടി ഓവർടേക്ക് ചെയ്യുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം അപകടങ്ങൾ ഒഴിവാക്കുവാൻ ജംഗ്ഷനുകളിൽ വാഹനം പാർക്ക് ചെയ്യുന്നത് നിയന്ത്രിച്ചും അനുവദനീയമായ സ്ഥലങ്ങളിൽ മാത്രം പാർക്കിംഗ് അനുവദിച്ചും അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾക്ക് ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും കേരള പോലീസ് ആക്ട് 2011-ലേയും എം.വി. ആക്ടിലേയും വിവിധ വകുപ്പുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

പന്തീരങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ

148(5737)ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സിറ്റി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പന്തീരങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പുതിയതായി രൂപീകരിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച ഒരു പഠനം നടത്തുവാൻ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായ ശേഷം മാത്രമേ പന്തീരങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.